LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കൂളുകളിൽ പ്രസ്തുത പ്രവൃത്തികൾക്ക് ടെണ്ടർ വിളിക്കാത്ത സ്കൂളുകൾ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളുകളിൽ ജി.ജി.എച്ച്.എസ്.എസ്. തലശ്ശേരി, ജി.എച്ച്എസ്.എസ്. തിരുവങ്ങാട് എന്നീ സ്കൂളുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്ന വിവരം പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഉടങ്ങുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്.

ജി.എസ്.ടി.-യിൽ പെട്രോളും ഡീസലും ഉൾപ്പെടുത്തൽ

42 (423) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളും ഡീസലും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഒരു ലിറ്റർ പെട്രോളും ഡീസലും എത്ര രൂപയ്ക്ക് ലഭിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടില്ല.

(ബി) പെട്രോളും ഡീസലും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ജനങ്ങൾക്ക് ഗുണം കിട്ടില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവന നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരള പൊതുവിൽപ്പന നികുതി നിയമം, 1963 അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയ അവകാശം വിട്ടുനൽകാൻ കഴിയില്ല എന്നാണ് സംസ്ഥാന സർക്കാർ നിലപാട്. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. ക്രൂഡോയിലിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. ക്രൂഡോയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

പരസ്യ പ്രചാരണത്തിനായി കിഫ്ബി ചെലവഴിച്ച തുക

43 (424) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ പരസ്യ പ്രചാരണത്തിനായി കിഫ്ബി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നിലവിൽ 64,338.73 കോടി രൂപയുടെ 918 പദ്ധതികളാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ഇത്രയും വലിയ ഒരു ധനസമാഹരണത്തിന് സ്വാഭാവികമായും വിവിധ സ്രോതസ്സുകളെ കിഫ്ബിക്ക് ആശ്രയിക്കേണ്ടി വരുന്നുണ്ട്. മികച്ച പലിശനിരക്കിൽ വലിയ വായ്പകൾ ഉറപ്പുവരുത്തുന്നതിന് നിക്ഷേപകരുടെ പൂർണ്ണ പിന്തുണയും കിഫ്ബിയിൽ അവർക്കുള്ള വിശ്വാസ്യതയും സുപ്രധാനമാണ്. എന്നാൽ ഈ വിശ്വാസ്യത തകർക്കുന്നതിനും വസ്തുതകൾ മറച്ചുവെച്ച് പൊതുജനമധ്യത്തിൽ കിഫ്ബിയെ തെറ്റായി ചിത്രീകരിക്കുന്നതിനുമുള്ള ബോധപൂർവമുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നുണ്ടായി. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നിക്ഷേപകരിലേയ്ക്കും കൂടുതൽ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായും അവാസ്തവമായ വാർത്തകളിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനായും ഒരു മീഡിയ പദ്ധതി കിഫ്ബിയിൽ